# ദൈവത്തിന്റെ സ്നേഹത്തിൽ നിങ്ങളുടെ സുരക്ഷിതത്വം കണ്ടെത്തുക.

സാക് പുന്നൻ

WFTW 26 ജനുവരി 2014

നമ്മുടെ എല്ലാ ആത്മീയപ്രശ്നങ്ങളുടേയും മൂലകാരണം കിടക്കുന്നത് ദൈവത്തെ സ്നേഹിക്കുന്ന ഒരു പിതാവായും പരമാധികാരിയായ ഒരു ദൈവമായും അറിയാതിരിക്കുന്നതിനാലാണ്. എന്റെ ക്രിസ്തീയ ജീവിതത്തിൽ സമൂലമായ പരിവർത്തനം വരുത്തിയ ഒരു സത്യമാണ്, പിതാവായ ദൈവം യേശുവിനെ സ് നേഹിച്ചതുപോലെ നമ്മേയും സ്നേഹിക്കുന്നു. എന്ന് യേശു നൽകിയ വെളിപ്പാട്. യേശു പിതാവിനോട് പ്രാർത്ഥിച്ചു 'അവിടുന്ന് എന്നെ സ്നേഹിക്കുന്നതുപോലെ തന്നെ അവരേയും സ്നേഹിക്കുന്നു.എന്ന് ലോകം അറിയേണ്ടതിന്' (യോഹ 17:23) യേശു ഇവിടെ പ്രാർത്ഥിക്കുന്നത് നമ്മുക്ക് ചുറ്റുമുള്ള ലോകം ഈ സത്യം അറിയണമെന്നാണ്. എന്നാൽ ലോകത്തിന് അത് മനസ്സിലാക്കാൻ കഴിയുന്നതിന് മുൻപ് അത് ആദ്യം നമ്മുടെ ഹൃദയങ്ങളെ പിടിക്കേണ്ടിയിരിക്കുന്നു. തത്വപരമായി എല്ലാ ക്രിസ്ത്യാനികളും സ്വർഗ്ഗത്തിലുള്ള സ് നേഹവാനായ പിതാവിൽ വിശ്വസിക്കുന്നു. എന്നാൽ അവർ മിക്കപ്പോഴും ദുഃഖിതരും ചിന്താകുലമുള്ളവരും, അരക്ഷിതത്വബോധവും ഭയവും നിറഞ്ഞവരും ആണ് എന്ന വസ്തുത തെളിയിക്കുന്നത്, അവരുടെ ഹൃദയങ്ങളുടെ ആഴത്തിൽ അവർ അതു വിശ്വസിക്കുന്നില്ല എന്നാണ്. ദൈവം യേശുവിനെ സ്നേഹിച്ചത്രയും തന്നെ തങ്ങളേയും സ്നേഹിക്കുന്നു. എന്ന് വളരെ കുറച്ചുപേർ മാത്രമേ വിശ്വസിക്കുവാൻ ധൈര്യപ്പെടുന്നുള്ളു. ഇത് ഇങ്ങനെയായിരുന്നുവെന്ന് യേശു ഇത്ര സ്പഷ്ടമായി പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ നമ്മിൽ ആർക്കും ഇങ്ങനെയൊരു സത്യം വിശ്വസിക്കുവാനുള്ള ധൈര്യം ഉണ്ടാകാൻ സാധ്യമല്ലായിരുന്നു. ഒരിക്കൽ ഈ മഹത്വകരമായ സത്യത്തിലേയ്ക്ക് നമ്മുടെ കണ്ണുകൾ തുറക്കപ്പെട്ടാൽ,അത് ജീവിതത്തിന്റെ മേലുള്ള നിങ്ങളുടെ മുഴുവൻ വീക്ഷണഗതിയേയും വ്യത്യാസപ്പെടുത്തും. എല്ലാപിറുപിറുപ്പും, നിരാശയും, സങ്കടവും അപ്പാടെ നിങ്ങളുടെ ജീവിതത്തിൽ നിന്നും മറഞ്ഞുപോകും. ഇത് സംഭവ്യമാണ് എന്ന് എനിക്കറിയാം കാരണം ഇത് എനിക്ക് സംഭവിച്ചതാണ്.

ഞാൻ നിരാശയുടെ അടിമത്വത്തിലും, പരാജിതനായും അനേകവർഷങ്ങൾ ജീവിച്ചു. എനിക്ക് വേണ്ടിയുള്ള ദൈവഹിതം അതായിരുന്നില്ല. എന്നാൽ എനിക്ക് തന്നെ അതിൽ നിന്ന് വിടുവിക്കപ്പെടുവാൻ കഴിഞ്ഞില്ല.ദൈവം യേശുവിനെ സ്നേഹിച്ചതുപോലെ തന്നെ എന്നേയും സ്നേഹിക്കുന്നു എന്ന സത്യത്തിലേയ്ക്ക് എന്റെ കണ്ണുകൾ തുറക്കപ്പെടുന്നതുവരെ എനിക്ക് കാര്യങ്ങൾ വ്യത്യസ്തമായിരുന്നു. ഞാൻ ഇപ്പോൾ കാണുന്നത് എനിക്ക് ലഭിക്കുന്നതെല്ലാം സ്നേഹിക്കുന്ന ഒരു പിതാവിന്റെ കയ്യിൽ നിന്ന് വന്നിട്ടുള്ളതാണെന്നാണ്. അവിടുന്ന് എന്നെ കണ്ണിലെ കൃഷ്ണമണിപോലെ എനിക്കുവേണ്ടി കരുതുന്നതു ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ട് ജീവിതത്തിലെ ഒരു സാഹചര്യങ്ങൾക്കും ഇപ്പോൾ എന്നെ മുറുമുറുക്കുന്നവനോ, നിരാശിതനോ ആക്കാൻ കഴിയുന്നില്ല. പൌലോസ് പറയുന്നതുപോലെ തൃപ് തിയോടിരിക്കുന്നതിന്റേയും എല്ലാസാഹചര്യങ്ങളിലും ദൈവത്തെ സ്തുതിക്കുന്നതിന്റേയും രഹസ്യം ഞാൻ പഠിപ്പിച്ചിട്ടുണ്ട്.

'കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്ന ഞാൻ പിന്നേയും പറയുന്നു.എന്റെ ബുദ്ധിമുട്ട് നിമിത്തമല്ല ഞാൻ പറയുന്നത്, ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്.' (ഫിലി.4:4,11)

' എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ, ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തു യേശുവിൽ ദൈവേഷ്ടം' (1 തെസ്സ 5:18)

ഇപ്പോൾ എന്റെ ജീവിതത്തിന്റെ ഇളക്കാൻ കഴിയാത്ത അടിസ്ഥാനം ഇതാണ്:യേശുവിനെ സ് നേഹിച്ചത്രയും തന്നെ ദൈവം എന്നെയും സ്നേഹിക്കുന്നു.

നിങ്ങൾ വിജയകരമായ ക്രിസ്തീയജീവിതത്തിലേയ്ക്ക് പ്രവേശിക്കാതിരിക്കാതിരിക്കുന്നത്, നിങ്ങൾ വേണ്ടുവോളം ഉപവസിക്കുകയോ പ്രാർത്ഥിക്കുകയോചെയ്യാത്തതുകൊണ്ടല്ല വിജയം ഉണ്ടാകുന്നത് സ്വയം പ്രയത്നത്തിലൂടെ അല്ല, എന്നാൽ വിശ്വാസത്തിലൂടെയാണ്.'എന്തിലുള്ള വിശ്വാസം'നിങ്ങൾ ചോദിച്ചേക്കാം.

നിങ്ങൾക്ക് വേണ്ടിയുള്ള ദൈവത്തിന്റെ തികഞ്ഞ സ്നേഹത്തിലുള്ള വിശ്വാസം. അനേക വിശ്വാസികളും സാത്താൻ അവരോട് പറഞ്ഞുകൊണ്ടിരിക്കുന്ന കുറ്റം വിധിയുടെ കീഴിലാണ് ജീവിക്കുന്നത്. 'നിങ്ങൾ വേണ്ടത്ര ഉപവസിക്കുന്നില്ല.വേണ്ടത്ര പ്രാർത്ഥിക്കുന്നില്ല, വേണ്ടത്ര സാക്ഷിയാകുന്നില്ല വേദപുസ്തകം വേണ്ടത്ര പഠിക്കുന്നില്ല, മുതലായവ'. അവർ നിരന്തരമായി സ്വയം കുറ്റം വിധിയുടെ ചിന്തകളാൽ ചാട്ടവാറടി എൽക്കപ്പെടുന്നു. അത് അവരെ അവസാനമില്ലാത്ത പ്രവർത്തനവലയത്തിലും അനേകനിർജ്ജീവപ്രവർത്തികളിലും കൊണ്ടെത്തിയിരിക്കുന്നു. ദൈവത്തോടുള്ള സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കുന്നിലെങ്കിൽ നിങ്ങളുടെ എല്ലാ സ്വയശിക്ഷണത്തിലും, ഉപവാസവും പ്രാർത്ഥനയും,ദശാംശം കൊടുക്കലും, സാക്ഷിയാകുന്നതും എല്ലാം നിർജ്ജീവ പ്രവൃത്തികളാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? കൂടാതെ നിങ്ങൾ ആദ്യം ദൈവത്തിന്റെ സ്നേഹത്തിൽ സുരക്ഷിതരല്ലെങ്കിൽ ഈ കാര്യങ്ങളൊന്നും സ് നേഹത്തിൽ നിന്ന് ഉത്ഭവിക്കാൻ കഴിയില്ല.

എഫസോസിലെ ക്രിസ്ത്യാനികൾക്കുവേണ്ടി പൌലോസിന്റെ പ്രാർത്ഥന അവർ ദൈവത്തിന്റെ സ് നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെടണം എന്നായിരുന്നു. 'അവൻ (ദൈവം) തന്റെ മഹത്വത്തിനൊത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ബലപ്പെടേണ്ടതിനും, ക്രിസ് തുവിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണം എന്നും, നിങ്ങൾ സ് നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി (എഫെ 3:16,17 ) എഫൈസ്യ ക്രിസ്ത്യാനികൾ നേരത്തെ തന്നെ രക്ഷിക്കപ്പെട്ടവരും ആത്മാഭിഷേകം പ്രാപിച്ചവരും ആയിരുന്നു. എന്നിട്ടും ദൈവസ്നേഹത്തിന്റെ നീളവും, വീതിയും, ഉയരവും, ആഴവും മനസ്സിലാക്കി അവർക്ക് വേണ്ടിയുള്ള തികഞ്ഞ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെടേണ്ടതിന് അവരുടെ അകത്തെ മനുഷ്യനിൽ ആത്മാവിനാൽ ശക്തിപ്പെടേണ്ട ആവശ്യം ഉണ്ടായിരുന്നു. അതിന് ശേഷം മാത്രമാണ് പൌലോസ്, ക്രിസ്തുവിന്റെ ശരീരം പണിയപ്പെടാൻ കഴിയുന്ന വരങ്ങളെക്കുറിച്ച് തുടർന്ന് സംസാരിക്കുന്നത് 'നമ്മിൽ ഒരോരുത്തന് ക്രിസ്തുവിന്റെ ദാനത്തിന് അളവിനൊത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു. അവൻ ചിലരെ അപ്പോസ്തലാരായും, ചിലരെ ഇടയാരായും ഉപദേഷ്ടാക്കാരായും നിയമിച്ചിരിക്കുന്നു. അത് വിശുദ്ധാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീയവർദ്ധനയ്ക്കും ആകുന്നു (എഫെ 4:7,11,12)

ദൈവസ്നേഹത്തിലുള്ള പരിപൂർണ്ണ സുരക്ഷിതത്വം എപ്പോഴും നമ്മുക്ക് മീതെ ഉണ്ടായിരിക്കണം. നമ്മുടെ ശുശ്രൂഷയെ ഫലപ്രദമാകണമെങ്കിൽ നാം അതിൽ വേരൂന്നി അടിസ്ഥാനപ്പെടണം. മറ്റൊരിടത്ത്, പുതിയ നിയമം ഇതിനെ 'സ്വസ്ഥതയിൽ പ്രവേശിക്കുന്നതായി' പറഞ്ഞിരിക്കുന്നു. ' വിശ്വസിച്ചവരായ (നമ്മുക്ക് വേണ്ടിയുള്ള ദൈവത്തിന്റെ തികഞ്ഞ സ്നേഹത്തിൽ) നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു'. എന്ന് അപ്പോസ്തലൻ പറയുന്നു (എബ്രാ 4:3). ഈ സ്വസ്ഥതയിൽ പ്രവേശിക്കാൻ ഉത്സാഹിക്കേണ്ടതിന് അദ്ദേഹം നമ്മേ തിടുക്കപ്പെടുത്തുന്നു 'ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്തവണ്ണം വീഴാതിരിക്കേണ്ടതിന് നാം ആ സ്വസ്ഥതയിൽ പ്രവേശിക്കാനുത്സാഹിക്ക' (എബ്രാ 4:11) നാം ദൈവസ് നേഹത്തിലുള്ള പരിപൂർണ്ണസുരക്ഷിതത്വത്തിൽ നാം സ്വസ്ഥരല്ലെങ്കിൽ വീണുപോകാൻ എളുപ്പമാണ്.

ഈ ലോകം തങ്ങളെ സ്നേഹിക്കാൻ ആരെങ്കിലമുണ്ടോ എന്നു അന്വേഷിക്കുന്ന ആളുകളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. അനേകക്രിസ്ത്യാനികൾ, സ്നേഹിക്കപ്പെടേണ്ടതിന് ഒരു സഭയിൽ നിന്ന് മറ്റൊരു സഭയിലേയ്ക്ക് പോകുന്നു. ചിലർ സുഹൃദ്ബന്ധത്തിൽ സ്നേഹം അന്വേഷിക്കുന്നു. ചിലർ വിവാഹത്തിലും. എന്നാൽ ഈ അന്വേഷണങ്ങളെല്ലാം നിരാശയിലവസാനിക്കാൻ സാധിക്കും. അനാഥരെപ്പോലെ ആദാമിന്റെ മക്കൾ അരക്ഷിതത്വത്തിൽ ആണ്. അതിന്റെ ഫലമായി അവർ വീണ്ടും വിണ്ടും സ്വയസഹതാപത്തിന്റെ ആക്രമണത്താൽ കീഴ്ക്കപ്പെടുന്നു. ദുഃഖകരമായ കാര്യം രക്ഷിക്കപ്പെടുന്നതിന് ശേഷവും അധികം പേരും അരക്ഷിതാവസ്ഥയിൽ നിലനിൽക്കുന്നു, അവർക്ക് അങ്ങനെയിരിക്കേണ്ട ആവശ്യം ഇല്ലാത്തപ്പോൾ ഈ പ്രശ് നത്തിന് സുവിശേഷത്തിന്റെ ഉത്തരമെന്താണ്? ദൈവത്തിന്റെ സ്നേഹത്തിൽ നമ്മുടെ സുരക്ഷിതത്വം കണ്ടെത്തുക എന്നതാണ് ഉത്തരം. യേശുക്രിസ്തു ആവർത്തിച്ച് തന്റെ ശിഷ്യാരോട് പറഞ്ഞത്, അവരുടെ തലയിലെ മുടികളെല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ലക്ഷക്കണക്കിന് പൂക്കളെ ഉടുപ്പിക്കുകയും ചെയ്യുന്ന ദൈവം തീർച്ചയായും അവരെ സൂക്ഷിക്കണം എന്നാണ്. അതെല്ലാറ്റിനേക്കാളും വലിയൊരു വിവാദമാണ്. ' സ്വന്തപുത്രനെ ആദരിക്കാതെ നമ്മുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോട് കൂടെ സകലവും നമ്മുക്ക് നൽകാതെയിരിക്കുമോ' (റോമ :8:32)

നമ്മുടെ സഹജീവികളോടുള്ള ഇടപാടിൽ ഇടയ്ക്കിടെ നിരാശിതരാകുവാൻ ദൈവം നമ്മെ അനുവദിക്കുന്നത്, നാം മനുഷ്യരിൽ ആശ്രയിക്കുന്നത് നിർത്താൻ പഠിക്കേണ്ടതിനാണ്. അതുകൊണ്ട് എല്ലാവശത്തുകൂടേയും നിങ്ങൾ നിരാശപ്പെടത്തക്കവണ്ണം ദൈവം നിങ്ങൾക്ക് സാഹചര്യങ്ങൾ കല്പിക്കുമ്പോൾ അത് നിങ്ങളെ നിരുത്സാഹപ്പെടുത്തരുത്. അത് ദൈവത്തിലുള്ള വിശ്വാസത്തിൽ ജീവിക്കാൻ പഠിക്കേണ്ടതിന് അവൻ നിങ്ങളെ ജഡത്തിന്റെ ഭുജത്തിൽ നിന്ന് ദൂരേയ്ക്ക് മാറ്റുന്നതു മാത്രമാണ് . ദൈവം യേശുവിനെ സ്നേഹിച്ചതുപോലെ തന്നെ അവിടുന്ന് നിങ്ങളേയും സ്നേഹിക്കുന്നു എന്ന സത്യത്തിൽ നിങ്ങളുടെ സുരക്ഷിതത്വം കണ്ടെത്തുവാൻ പഠിക്കുക.

ക്രിസ്ത്യാനികളുടെ ഇടയിൽ എല്ലാ മത്സരവും അസൂയയും ഉയരുന്നത് ഇതേ അരക്ഷിതാവസ്ഥയിൽ നിന്നാണ്. ദൈവത്തിന്റെ സ്നേഹത്തിൽ സുരക്ഷിനായിരിക്കുന്നവനും, താൻ ഇപ്പോൾ ആയിരിക്കുന്നതുപോലെ ആക്കിയതിലും അവനിപ്പോൾ ലഭിച്ചിരിക്കുന്ന വരങ്ങളും താലന്തുകളും അവനുകൊടുത്തതിലും ദൈവം ഒരു തെറ്റും ചെയ്തിട്ടില്ലെന്ന് വിശ്വസിക്കുന്നവനുമായ ഒരു മനുഷ്യന് മറ്റൊരാളിനോട് അസൂയപ്പെടുവാനോ, മറ്റൊരാളിനോട് മത്സരിക്കുവാനോ സാധിക്കുകയില്ല. വിശ്വാസികളുടെ ഇടയിൽ ബന്ധങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം അടിസ്ഥാനപരമായി ഇതേ അരക്ഷിതാവസ്ഥയാണ്. ഒന്നു ചിന്തിച്ചുനോക്കുകദൈവം നിങ്ങളെ സ്നേഹിക്കുന്നത് അവിടുന്ന് യേശുവിനെ സ്നേഹിച്ചതുപോലെ തന്നെയാണ് എന്ന സത്യത്തിലേയ്ക്ക് നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുമ്പോൾ നിങ്ങളുടെ എത്ര പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)